(സി) സൂപ്പർവിഷൻ കൺസൾട്ടൻസി, കേന്ദ്ര ഗവൺമെന്റ് RITES-ന്റെ നേതൃത്വത്തിൽ BECA, WSA എന്നീ കമ്പനികളുമായി ചേർന്നാണ് ഒന്നാംഘട്ട മേൽനോട്ടം നിർവ്വഹിക്കുന്നത്. ഒന്നാംഘട്ട കൺസൾട്ടൻസി ഫീസ് 16 കോടി രൂപ.

(ഡി) മാവേലിക്കര ഭാഗത്തുള്ള റോഡ് അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. തിരുവനന്തപുരം (തൈക്കോട്), അടൂർ, ചെങ്ങന്നൂർ, മൂവ്വാറ്റുപുഴ, കാലടി, പാലാ എന്നിവിടങ്ങളിലെ റോഡുകളുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. പൊതുവായി 15 മീറ്റർ വീതിയും ചില സ്ഥലങ്ങളിൽ 12 മീറ്റർ വീതിയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഇ) മാറ്റം വരുത്തിയിട്ടില്ല.

റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണം

45 [5692] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചുവെന്നും ഇതിനായി 2001-2002, 2002-2003, 2003-2004 എന്നീ ബഡ്ജറ്റുകളിൽ എത്ര തുക നീക്കിവെച്ചിരുന്നുവെന്നും ഇതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പാലങ്ങളുടെ പണിയാണ് ഇപ്പോൾ നടന്നു വരുന്നത്; ഇവയോരോന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വൻകിട ചെറുകിട പാലങ്ങളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ഇവയോരോന്നിന്റെയും പണി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയപാതയിൽ പുതിയതായി റോഡു നിർമ്മാണം നടത്തിയിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ 215.47 കി. മീ. റോഡുകൾ പുതുതായി നിർമ്മിച്ചു. 2001-02 ബഡ്ജറ്റിൽ 185 ലക്ഷം രൂപയും 2002-03 ബഡ്ജറ്റിൽ 396 ലക്ഷം രൂപയും 2003-04-ൽ 263 ലക്ഷം രൂപയും നീക്കിവെച്ചിരുന്നു. 2001-02-ലും 2002-03-വുമായി 1869.55 ലക്ഷം രൂപ ചിലവഴിച്ചു.

(ബി, സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† ദേശീയപാത വിഭാഗത്തിൽ താഴെപ്പറയുന്ന പാലങ്ങളുടെ പണി നടന്നു വരുന്നു:

(1) കരമന പാലം 60% പൂർത്തിയായി 31-3-2004-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) കിള്ളിപ്പാലം 35% പൂർത്തിയായി 3-6-2004-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(3) അഴൂർ കടവ് പാലം 50% പൂർത്തിയായി 1-3-2004-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(4) അമരവിള പാലം 99% പണി പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

മലയോര ഹൈവേ നിർമ്മാണം

46 [5693] ശ്രീ. കളത്തിൽ അബ്ദുള്ള:
" സി. മമ്മൂട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" വി. കെ. ഇബ്രാഹിം കുഞ്ഞ്:
" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ എത്ര ജില്ലകളിലൂടെ മലയോര ഹൈവേ കടന്നുപോകുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലയോര ഹൈവേ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കാസർഗോഡ് ജില്ല മുതൽ പാലക്കാട് ടൗൺ വരെയുള്ള റൂട്ടിന്റെ അലൈൻമെന്റിനെ സംബന്ധിച്ച് നാറ്റ്പാക്കിൽ നിന്നും ലഭിച്ച പഠന റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

(ബി) മലയോര ഹൈവേയുടെ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള നിർദ്ദിഷ്ട മലയോരപാത കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലൂടെ കടന്നുപോകുന്നു.

ഹിൽഹൈവേ നടപ്പിലാക്കുന്നത് സംബന്ധിച്ച് നാട്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിലെ ശുപാർശകൾ

47 [5694] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹിൽഹൈവേ നടപ്പിലാക്കുന്നത് സംബന്ധിച്ച് നാട്പാക്ക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?